## പതിനാലാം കേരള നിയമസഭ

### പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5141 — 15/11/2019-ൽ മറുപടിയ്ക്ക്

### കാസർഗോഡ് ജില്ലയിലെ ലൈഫ് പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.എം. രാജഗോപാലൻ | | ശ്രീ.എ.സി.മൊയ്തീൻ<br>(തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി) | |
| | കാസർഗോഡ് ജില്ലയിൽ ഭവന രഹിതരായ എത്ര കുടുംബങ്ങളുണ്ടെന്ന് വ്യക്തമാക്കാമോ; ലൈഫ് പദ്ധതി പ്രകാരം ഇതിൽ എത്ര പേർക്ക് വീട് വച്ച് നൽകുവാൻ തീരുമാനിച്ചിട്ടുണ്ടെന്നും ഇനിയും എത്ര പേർക്ക് വീട് വച്ച് നൽകാനുണ്ടെന്നും വ്യക്തമാക്കാമോ? | | കാസർഗോഡ് ജില്ലയിൽ ലൈഫ് പദ്ധതിയുടെ ഒന്നാംഘട്ടമായ പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം എന്ന വിഭാഗത്തിൽ കണ്ടെത്തിയ 2936 വീടുകളിൽ 2843 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.<br>രണ്ടാംഘട്ടമായ ഭൂമിയുള്ള ഭവനരഹിതർക്ക് ഭവനം എന്ന വിഭാഗത്തിൽ സർവ്വേയിലൂടെ കണ്ടെത്തിയ 8123 ഗുണഭോക്താക്കളിൽ 3683 ഗുണഭോക്താക്കളെ അർഹരായി കണ്ടെത്തുകയും അതിൽ 3326 ഗുണഭോക്താക്കൾ ഗ്രാമപഞ്ചായത്തുമായി കരാറിലേർപ്പെടുകയും ചെയ്തിട്ടുണ്ട്. ഇതിൽ 1449 വീടുകളുടെ നിർമ്മാണം ഇതിനോടകം പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ള വീടുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു.<br>ഭൂരഹിത ഭവനരഹിതരായ 12076 ഗുണഭോക്താക്കളെ സർവ്വേയിലൂടെ കണ്ടെത്തുകയും 8418 ഗുണഭോക്താക്കളുടെ അർഹതാ പരിശോധന പൂർത്തീകരിച്ചിട്ടുമുണ്ട്. ഇവർക്ക് ഭവന സമുച്ചയങ്ങൾ വഴി ഭവനം നൽകുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ